പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 230 — 18/06/2014-ൽ മറുപടിയ്ക്ക്

## ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി സൗഹാർദ്ദ നയം രൂപീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെൻറ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി. |
| എ) ശബരിമലയിലെ കാനനപാത പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ നവീകരിക്കുമോ; | എ) ശബരിമല കാനനപാത പരമാവധി പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ ആണ് നവീകരിച്ചുവരുന്നത്. |
| ബി) ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഇക്കോ ഫ്രെണ്ട്ലി നയം നടപ്പിലാക്കുമോ; | ബി) ശബരിമലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ബഹു. സുപ്രീം കോടതിയുടെ അംഗീകാരത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും ആയതിൻെറ അടിസ്ഥാനത്തിൽ വനം-വന്യജീവി വകുപ്പിൻെറ അംഗീകാരത്തോടെ ഇക്കോ ഫ്രെണ്ട്ലി ആയാണ് ശബരിമലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. |
| സി) ശബരിമല തീർത്ഥാടകർ പമ്പാനദിയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങളും മാലിന്യ വസ്തുക്കളും മൂലം ഉണ്ടാകുന്ന നദീമലിനീകരണം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | സി) അയ്യപ്പൻമാർ പമ്പയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങളും മറ്റും ശേഖരിക്കുന്നതിനായി വിവിധ ഏജൻസികൾക്ക് ദേവസ്വം ബോർഡ് കോൺട്രാക്ട് നൽകിയിട്ടുണ്ട്. കൂടാതെ പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൻെറ ഭാഗമായി അഞ്ചു ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ